**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**2019 നവംബർ 12 , ചൊവ്വ**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

# സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടിയുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

**ചോദ്യം : 4154**
**ശ്രീ.എൻ. ഷംസുദ്ദീൻ**
**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ.ടി. വി. ഇബ്രാഹിം**
**ശ്രീ.പി.കെ.അബ്ദു റബ്ബ്**

**മറുപടി :**
**ഡോ. ടി.എം. തോമസ് ഐസക്ക്**
**ധനകാര്യവും കയറും വകുപ്പ് മന്ത്രി**

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടിയുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുക്കപെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തിരം 01.08.2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി , 15.07.2019 ലെ സ.ഉ (പി)നം .87/2019/ധന സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി (REQUEST FOR PROPOSAL) യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിട്ടുള്ളതാണ്. പദ്ധതിയുടെ റീ -ടെൻഡറിന് മുന്നോടിയായുള്ള നടപടികൾ നിലവിൽ പുരോഗമിച്ചു വരുന്നു . |
| (ബി) | അതിന് എന്തെല്ലാം പരിഹാരമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | |
| (സി) | ഇൻഷ്വറൻസ് പ്രീമിയം ഇനത്തിൽ മൊത്തം എന്ത് തുക ഒരു വർഷം അടയ്ക്കേണ്ടി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; | റീ ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കേ പ്രീമിയം ഇനത്തിൽ ഒരു വർഷം മൊത്തം അടയ്ക്കേണ്ടി വരുന്ന തുക സംബന്ധിച്ച വിവരം ലഭ്യമാകുകയുള്ളൂ. |

| | | |
|---|---|---|
| (ഡി) | പ്രസ്തുത തുകയ്ക്കുള്ള ഇൻഷ്വറൻസ് ആനുകൂല്യം ഗുണഭോക്താക്കൾക്ക് ഇൻഷ്വറൻസ് കമ്പനി നൽകുമെന്ന് സർക്കാർ കരുതുന്നുണ്ടോ; വ്യക്തമാക്കുമോ? | പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ തേടുന്ന ഡേ കെയർ ചികിത്സാ പ്രക്രിയ ഉൾപ്പെടെയുള്ള അംഗീകൃത ചികിത്സകൾക്ക് ബെനിഫിറ്റ് പാക്കേജിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടികയിലെ നിരക്ക് പ്രകാരം പരിരക്ഷ ലഭിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ